**File No.SJD/1521/2020-E5**

150 YEARS OF CELEBRATING THE MAHATMA

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ: ഷീബ ജോർജ്ജ് IAS )

ഉത്തരവ് നം. SJD/1521/2020-E5

തിരുവനന്തപുരം,
തീയതി. 20/03/2020

വിഷയം: സാ.നീ.വ-ജീവനക്കാര്യം - കോവിഡ്-19 പ്രതിരോധം- കോവിഡ്-19 സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.GO.(Rt) No. 580/2020/H&FWD Date 16/03/19
2.Circular No.S.S.1/50/2020/GAD Date 18/03/2020

സംസ്ഥാനത്ത് കോവിഡ്-19 രോഗബാധയെതുടർന്ന് നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് രോഗവ്യാപനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി എല്ലാ വകുപ്പുകളിലും ഡയറക്ടറേറ്റ് തലത്തിൽ കോവിഡ്-19 സെൽ രൂപീകരിക്കുവാനും ബ്രേക്ക് ദി ചെയിൻ ക്യാംപെയിനിന്റെ ഭാഗമായി സെല്ലിന്റെ നേതൃത്വത്തിൽ വ്യക്തി ശുചിത്വത്തെക്കുറിച്ചും രോഗബാധയെക്കുറിച്ചും ജീവനക്കാർക്കിടയിൽ ബോധവത്ക്കരണം നടത്തുന്നതിനും നിർദേശം നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ജീവനക്കാരെ ഉൾപ്പെടുത്തി സാമൂഹ്യനീതി വകുപ്പിൽ കോവിഡ്- 19 സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നോഡൽ ഓഫീസർ - ശ്രീമതി ജലജ.എസ്,അസിസ്റ്റന്റ് ഡയറക്ടർ. ഫോൺ നം. 9446357960

ഉപനോഡൽഓഫീസർ- ശ്രീ.മുഹമ്മദ് നാസർ,സീനിയർ സൂപ്രണ്ട്. ഫോൺ നം. 9446060971

മറ്റ് അംഗങ്ങൾ - ശ്രീ. സുനിൽ കുമാർ , ജൂനിയർ സൂപ്രണ്ട്, ഫോൺ നം. 9446808509
- ശ്രീ വിനോദ്.ബി.എൽ, സീനിയർ ക്ലർക്ക്, ഫോൺ നം. 9496826407

കോവിഡ് - 19 വ്യാപനം തടയുന്നതിനായി പരാമർശം (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ ജീവനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ബ്രേക്ക് ദി ചെയിൻ ക്യാംപെയിനിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് മാതൃകാപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് സംബന്ധിച്ചും ജീവനക്കാർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കോവിഡ്- 19 സെൽ മുഖേന നടപ്പിലാക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :- 1. ചീഫ് സെക്രട്ടറി ,കേരളം. (ആമുഖ കത്ത് സഹിതം)
2. സെക്രട്ടറി,ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്. (ആമുഖ കത്ത് സഹിതം)
2. 3. ഡയറക്ടറുടെ സി എ
3. 4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്